പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4089

18.10.2011 - ൽ മറുപടിക്ക്

## എറണാകുളത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം നിയോജക മണ്ഡലത്തിലെ നോർത്ത് മേൽപ്പാലം പൊളിയ്ക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. ഇതിനകം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | (എ) | എറണാകുളം നിയോജക മണ്ഡലത്തിലെ നോർത്ത് മേൽപ്പാലം പൊളിയ്ക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം ടൗൺ റോഡുകളെല്ലാം Pot hole filling ഉൾപ്പെടെ പണി നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ടൗണിലെ പ്രധാനപ്പെട്ട റോഡുകളായ ഷൺമുഖം റോഡ്, എം.ജി.റോഡ്, ബ്രോഡ്‌വേ റോഡ് എന്നിവയിൽ ബി.എം.& ബി.സി. ടാറിംഗ് പ്രവൃത്തി ഉടനെ നടത്തുന്നതാണ്. |
| (സി) | എറണാകുളം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | എറണാകുളം നഗരത്തിൽ ദേശീയപാത 17-ൽ ഇടപ്പള്ളി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്. കൂടാതെ എൻ.എച്ച്.47 -ൽ ഇടപ്പള്ളി പാലാരിവട്ടം വൈറ്റില, കുണ്ടന്നൂർ എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകളുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികൾക്ക് ഏകദേശം എത്ര തുക വേണ്ടി വരും; | (ഡി) | ഇടപ്പള്ളി റെയിൽവേ മേൽപ്പാലത്തിന് ഏകദേശം 36.13 കോടി രൂപ ചെലവാകും. |
| (ഇ) | ഈ പദ്ധതികൾ എന്ന് പൂർത്തിയാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്? | (ഇ) | ഇടപ്പള്ളി റെയിൽവേ മേൽപ്പാലം ഡിസംബർ 31-നകം പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ